810
16/1/19

**കേരള സർക്കാർ**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - പയ്യന്നൂർ താലൂക്ക് - തമിഴ് നാട്ടിലെ ഈറോഡിൽ വെച്ച 08.02.2018 ൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട പച്ചിയപ്പൻ സുബ്രമണി - ബിന്ദു ദമ്പതികളുടെ മകനായ മാസ്റ്റർ റിഷൻ കുമാറിന്റെ സംരക്ഷണത്തിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ. ഉ. (ആർ.ടി) നം. 77/2019 /റവ. തിരുവനന്തപുരം, തീയതി:07/01/2019.**

---

പരാമർശം: ശ്രീ.കെ.കുഞ്ഞിരാമൻ, കുരിക്കളോട്ട് ഹൗസ്, മാടായി, കണ്ണൂർ 19.06.2018 ൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, മാടായി വില്ലേജിൽ ശ്രീ. കെ.കുഞ്ഞിരാമന്റെ മകളായ ബിന്ദു, മരുമകൻ പച്ചിയപ്പൻ സുബ്രമണി എന്നിവർ 08.02.2018 ൽ തമിഴ് നാട്ടിലെ ഈ റോഡിൽ വെച്ചുണ്ടായ റോഡപകടത്തിൽ കൊല്ലപ്പെട്ടതായും കൂടെയുണ്ടായിരുന്ന ചെറുമകൻ മാസ്റ്റർ റിഷൻ കുമാർ പച്ചിയപ്പൻ അപകടത്തിൽ നിന്നും രക്ഷപ്പെട്ടതായും, മാതാപിതാക്കളുടെ ആകസ്മിക വിയോഗം മൂലം രണ്ടുവയസ്സായ ചെറുമകൻ തന്നോടൊപ്പമാണ് ഇപ്പോൾ താമസിക്കുന്നതെന്നും, വാർദ്ധക്യപെൻഷൻ മാത്രം വരുമാനമുള്ള തനിക്ക് കുട്ടിയുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കണമെന്നും പരാമർശം പ്രകാരം ശ്രീ. കെ.കുഞ്ഞിരാമൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 08.02.2018 ൽ തമിഴ് നാട്ടിലെ ഈ റോഡിൽ വെച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട പച്ചിയപ്പൻ സുബ്രമണി - ബിന്ദു ദമ്പതികളുടെ മകനായ മാസ്റ്റർ റിഷൻകുമാർ പച്ചിയപ്പന്റെ സംരക്ഷണത്തിലേയ്ക്കായി ടി കുട്ടിയുടെ പേരിൽ 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപമാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും പ്രസ്തുത തുക കുട്ടിയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപം ചെയ്യുന്നതിനും, പ്രതിമാസ പലിശ കുട്ടിയുടെ സംരക്ഷണ ആവശ്യത്തിലേയ്ക്കായി കുട്ടിയ്ക്ക് ലഭിക്കത്തക്കവിധവും പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന

മുറയ്ക്ക് ആവശ്യമെങ്കിൽ നിക്ഷേപം കുട്ടിയ്ക്ക് പിൻവലിക്കാവുന്നതാണെന്നും വ്യവസ്ഥകൾ ചെയ്യുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister□s Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
തഹസിൽദാർ, പയ്യന്നൂർ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ